**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 814** **12-06-2024 - ൽ മറുപടിയ്ക്ക്**

**ആറളം ആദിവാസി പുനരധിവാസ മേഖലയിൽ പട്ടയം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ആറളം ആദിവാസി പുനരധിവാസ മേഖലയിൽ പട്ടയം നൽകിയിട്ടുള്ള സ്ഥലം ഉടമകളുടെ രേഖകൾ അസാധുവാക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | **കൈവശരേഖ കൈപ്പറ്റിയിട്ടും വർഷങ്ങളായി താമസിക്കാൻ തയ്യാറാകാതെ ഒഴിഞ്ഞുകിടക്കുന്ന ഭൂമി അന്യാധീനപ്പെടാതിരിക്കാൻ വേണ്ടി കൈവശരേഖ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. നാളിതുവരെ 716 പേരുടെ കൈവശരേഖകൾ റദ്ദ് ചെയ്തു. ശേഷിക്കുന്ന ആളുകൾക്ക് നോട്ടീസ് നൽകിയിട്ടുമുണ്ട്. ഒഴിഞ്ഞു കിടക്കുന്ന പ്ലോട്ടുകൾ സർവ്വേ ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.** |
| (ബി) | പ്രസ്തുത ഉടമകൾക്ക് അനുവദിച്ച സ്ഥലവും പട്ടയവും റദ്ദ് ചെയ്യുന്നതിന് എതിരെ എത്രപേർ പരാതികൾ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന് ഏതുതരത്തിലുള്ള പരിഹാരം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; | (ബി) | **കൈവശരേഖ റദ്ദ് ചെയ്യുന്നതാണെന്ന് അറിയിച്ച് നോട്ടീസ് നൽകിയിട്ടും നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും നാളിതുവരെ പരാതികൾ ലഭിച്ചിട്ടില്ല.** |
| (സി) | പ്രസ്തുത മേഖലയിൽ പുതുതായി ഭൂമി നൽകുന്നതിന് അർഹതാ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (സി) | **ഉണ്ട്. സ.ഉ(എം.എസ്)നം.23/2010/പജപവവിവ തീയതി, 24.02.2010 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യുന്നതാണ്. ഭൂമി വിതരണത്തിനായി അപേക്ഷ ക്ഷണിക്കുകയും, ടി അപേക്ഷകളുടെ അർഹത ഊരുകൂട്ടം മുഖേന പരിശോധിക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ